തൃശ്ശൂർ

(1) അടാട്ട് ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്ക്.

(2) പുത്തൂർ സർവീസ് സഹകരണ ബാങ്ക്.

മലപ്പുറം

മഞ്ചേരി സഹകരണ അർബൻ ബാങ്ക്.

കോഴിക്കോട്

(1) കോഴിക്കോട് ജില്ലാ റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘം.

(2) നൻമണ്ട സഹകരണ റൂറൽ ബാങ്ക്.

(3) ചീക്കിലോട് സർവീസ് സഹകരണ ബാങ്ക്.

(4) മാവൂർ സർവീസ് സഹകരണ ബാങ്ക്.

(5) കൊടുവള്ളി സർവീസ് സഹകരണ ബാങ്ക്.

കണ്ണൂർ

(1) നടുവിൽ സർവീസ് സഹകരണ ബാങ്ക്.

(2) തടിക്കടവ് സർവീസ് സഹകരണ ബാങ്ക്.

(3) ആലക്കോട് റബ്ബർ ആന്റ് അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണസംഘം.

(4) കണ്ണൂർ ജില്ലാ റബ്ബർ ആന്റ് അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണസംഘം, തളിപ്പറമ്പ്.

(5) മലബാർ റബ്ബർ ആന്റ് അഗ്രിക്കൾച്ചറൽ പ്രോസസിംഗ് സഹകരണസംഘം.

കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതിന്റെ വിവരം ശേഖരിച്ചു വരുന്നു.

(ബി) തിരുവനന്തപുരം സർവീസ് സഹകരണ ബാങ്ക് ഭരണസമിതിക്കെതിരെ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്. വി. സി. 11/99, 13/99 എന്നീ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രോസിക്യൂഷൻ നടപടി ആരംഭിച്ചിട്ടില്ല.

(സി) സ്ഥിരനിക്ഷേപത്തിൽ തിരിമറി നടത്തിയതായി പരാതി ലഭിച്ചിട്ടുണ്ട്. അന്വേഷണം നടത്തി വി. സി. 11/99 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രോസിക്യൂഷൻ നടപടി ആരംഭിച്ചിട്ടില്ല.

## ജില്ലാ സഹകരണ ബാങ്കുകളിലെ ജനറൽ മാനേജർ നിയമനം

91 [2743] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിലെ ജനറൽ മാനേജരെ ഡെപ്യൂട്ടേഷനിലൂടെ നിയമിക്കരുത് എന്ന കോടതി വിധി നിലവിലുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കോടതി വിധി നിലവിലിരിക്കവേ ഏതെങ്കിലും ജില്ലാ സഹകരണ ബാങ്കിൽ ജനറൽ മാനേജരെ ഡെപ്യൂട്ടേഷനിൽ നിയമിച്ചിട്ടുണ്ടോ;

(സി) എന്തടിസ്ഥാനത്തിലാണ് ഇത്തരം നിയമനം നടത്തിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) നിയമിക്കരുത് എന്ന് കോടതിവിധി ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണം

92 [2744] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണം അവസാനമായി നടന്നത് ഏത് കാലയളവ് മുതലാണ്;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണ കമ്മിറ്റി രൂപീകരിക്കുകയുണ്ടായോ;

(സി) പ്രസ്തുത കമ്മിറ്റിയുടെ എത്ര യോഗങ്ങൾ ചേരുകയുണ്ടായി;

(ഡി) പ്രസ്തുത കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ് നിശ്ചയിക്കുകയുണ്ടായിട്ടുണ്ടോ;

(ഇ) ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ മേഖലയിൽ അംഗീകാരമുള്ള എത്ര സംഘടനകളാണുള്ളത്;

(എഫ്) പ്രസ്തുത കമ്മിറ്റിയിൽ ജീവനക്കാരുടെ സംഘടനകളുടെ പ്രതിനിധിയായി എത്ര പേരാണുള്ളത്?

ഉത്തരം

(എ) 1-7-1997 മുതൽ.

(ബി) രൂപീകരിച്ചിട്ടുണ്ട്.

(സി) ഒന്ന്.

(ഡി) ഇല്ല.

(ഇ) മൂന്ന്.

(എഫ്) മൂന്ന്.

LIBRARY ARCHIVES Kerala Legislative Assembly